ഉത്തരം

(എ)—(ഇ) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ എൽ. ഡി. സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

139 [1698] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *എ. എൻ. രാജൻബാബു:*

,, *കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്കുമാരുടെ കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റ് മറ്റ് ജില്ല കളിലേതിനെക്കാൾ എത്രമാത്രം വൈകി എന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി മറ്റ് ലിസ്റ്റുകൾക്കൊപ്പം അവസാനിക്കുമോ എന്ന് അറിയിക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണന യിലുണ്ടോ;

(ഡി) ഉദ്യോഗാർത്ഥികളുടേതല്ലാത്ത കാരണം കൊണ്ടുണ്ടായ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(ഡി) പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

വയനാട് ജില്ലയിലെ വില്ലേജ്മാൻ റാങ്ക് ലിസ്റ്റ് കാലാവധി നീട്ടാൻ നടപടി

140 [1699] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വില്ലേജുമാൻ തസ്തികയിലേക്ക് ഇപ്പോൾ നിയമിക്കപ്പെടാൻ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) 18-6-2002-ൽ പ്രസ്തുത തസ്തികയ്ക്കായി നിലവിൽ വന്ന റാങ്കുലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ കോഴിക്കോട് ജില്ലയിൽ വില്ലേജുമാൻ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ആർക്കൊക്കെയാണ് നിയമനം നൽകിയതെന്നും അതിനുള്ള കാരണമെന്താണെന്നും വിശദമാക്കാമോ;

(ഇ) മലപ്പുറം, പാലക്കാട്, വയനാട് തുടങ്ങിയ ജില്ലയിൽ വില്ലേജുമാൻ തസ്തികയ്ക്ക് വേണ്ടിയുള്ള പി.എസ്.സി. റാങ്കു ലിസ്റ്റിന്റെ കാലാവധി നീട്ടിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ വയനാട് ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ജി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ വില്ലേജ്മാൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16-6-2005-ന് അവസാനിച്ചു.

(ബി) 360 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മാറാട് കലാപത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകാനുള്ള തീരുമാനപ്രകാരം ശ്രീ. പി. പ്രമോദ്, ശ്രീ. സി. ശൈലേന്ദ്രൻ, ശ്രീ. ശ്യാംകുമാർ, എ. എന്നിവർക്ക് വില്ലേജ്മാനായി നിയമനം നൽകിയിട്ടുണ്ട്.

(ഇ) നീട്ടിയതായി അറിവില്ല.

(എഫ്) ആന്റ് (ജി) വയനാട് ജില്ലയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കോഴിക്കോട് റൂറൽ ജില്ലാ ആംഡ് റിസർവ്വ് പോലീസിലെ നിയമനം

141 [1700] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ ജില്ലാ ആംഡ് റിസർവ്വ് പോലീസിൽ ഒരു അസിസ്റ്റന്റ് കമാൻഡന്റ് തസ്തിക മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടേക്ക് മാസങ്ങൾക്ക് മുൻപ് സർക്കാർ നിയമിച്ച അസിസ്റ്റന്റ് കമാൻഡന്റ് ആരാണ് എന്ന് അറിയിക്കുമോ;

(സി) സർക്കാർ നിയമിച്ച അസിസ്റ്റന്റ് കമാൻഡന്റ് ചാർജ് എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് റൂറൽ ജില്ലാ ആംഡ് റിസർവ്വ് പോലീസിൽ അടിയന്തരമായി അസിസ്റ്റന്റ് കമാൻഡന്റിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly.